**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 653 — 31.10.2011 -ൽ മറുപടിയ്ക്ക്

വനവിഭവങ്ങൾ വ്യവസായികാവശ്യങ്ങൾക്കു നല്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>'' പി.കെ. ബഷീർ<br>,, എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) വനവിഭവങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്ക് നല്കുന്ന പദ്ധതി തുടരുന്നുണ്ടോ; | എ) വന വിഭവങ്ങൾ വ്യാവസായികാവശ്യങ്ങൾക്ക് നല്കുന്ന പദ്ധതി തുടർന്നുവരുന്നു. |
| ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അവ നല്കുന്നത്; | ബി) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കമ്പനിക്കും വെസ്റ്റേൺ ഇന്ത്യാ പ്ളൈവുഡ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കും കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും വ്യാവസായികാവശ്യങ്ങൾക്ക് വനവിഭവങ്ങൾ നൽകിവരുന്നു. |
| സി) പ്രസ്തുത ആവശ്യത്തിനായി പ്രത്യേക പ്ലാന്റേഷൻ നടത്തുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ; | സി) ഉണ്ട്. 2009 ലെ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം വ്യാവസായികാവശ്യത്തിനായി വനംവകുപ്പ് പരിപാലിച്ചുവരുന്ന തോട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. അക്കേഷ്യ - 10769 ഹെ.<br>2. യൂക്കാലി - 6439 ഹെ.<br>3. ബാംബൂ - 4509 ഹെ. |
| ഡി) പ്രസ്തുത പദ്ധതിയിലൂടെ പ്രതിവർഷം ശരാശരി എന്തു തുക ലഭിക്കുന്നുണ്ട് എന്നു വെളിപ്പെടുത്തുമോ; | ഡി) വ്യാവസായികാവശ്യത്തിന് നൽകുന്ന വനവിഭവങ്ങൾക്കുള്ള വില വർഷംതോറും പുതുക്കി നിശ്ചയിക്കാറുണ്ട്. 2010-11 സാമ്പത്തികവർഷത്തിൽ വനവിഭവങ്ങൾ വ്യാവസായികാവശ്യത്തിന് നൽകിയതിലൂടെ ഏകദേശം 38.66 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പദ്ധതിയുടെ ശരാശരി പ്രതി വർഷ ചെലവെത്രയാണ് എന്ന് വ്യക്തമാക്കാമോ? | ഇ) | വ്യാവസായികാവശ്യത്തിനുള്ള തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും പരിചരണ പ്രവർത്തനങ്ങൾക്കുമായി 2010-11 വർഷം 6.05 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ